# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് - 2006-07 മുതൽ 2010-11 വരെ കാലയളവിൽ വികസന ഫണ്ടുപയോഗിച്ച് കർഷകർക്ക് വളം വിതരണം നടത്തിയ പദ്ധതികൾക്ക് ചെലവഴിച്ച 16,30,000 രൂപയ്ക്ക് (പതിനാറു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.3017/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:04.11.2016

---

പരാമർശം: 1. എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2015 ലെ 4(1) നമ്പർ തീരുമാനം

2. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2016-ാം തീയതിയിലെ എം3-15611/16 നം കത്തും അനുബന്ധവും

## ഉത്തരവ്

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് 2006-07 മുതൽ 2010-11 വരെ കാലയളവിൽ കർഷകർക്കു വളം വിതരണം ചെയ്യുന്ന പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും 16,30,000/- രൂപ (പതിനാറു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവഴിക്കുകയുണ്ടായി. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ അനുസരിച്ച് കർഷകർക്കു രാസവള വിതരണം മാത്രമായി പ്രൊജക്ട് വയ്ക്കാവുന്നതല്ല കാർഷിക മേഖലയിലെ സമഗ്ര പരിപാടിയുടെ ഭാഗമായി, കർഷകരുടെ നിക്ഷേപത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടി മാത്രമേ സബ്സിഡി അനുവദിക്കാവൂ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സബ്സിഡി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല എന്നീ കാരണങ്ങളാൽ ടി തുക അക്കൗണ്ടന്റ് ജനറലിന്റെ 2006-07 മുതൽ 2010-11 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക II (i) പ്രകാരം തടസ്സപ്പെടുത്തുകയും പ്രസ്തുത തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം നേടണമെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(2) ടി കാലയളവിൽ നടപ്പിലാക്കിയ തെങ്ങു കൃഷി വികസനം, വാഴകൃഷി വികസനം എന്നീ പ്രോജക്ടുകളിൽ രാസവളത്തോടൊപ്പം ജൈവവളവും സമ്പുഷ്ടമായി വിനിയോഗിച്ചിട്ടുണ്ടെന്നും മാനദണ്ഡങ്ങൾക്കനുസരിച്ച് നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തികളുമുൾപ്പെടുത്തി രൂപകൽപ്പന ചെയ്ത ടി പ്രവൃത്തിക്ക് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ടി പ്രവൃത്തി വഴി കർഷകർക്കു മികച്ച വിളവും ധനലാഭവും ലഭിച്ചിട്ടുണ്ടെന്നതിനാൽ കർഷകരുടെ അഭിവൃദ്ധിയും സാമ്പത്തിക ഉയർച്ചയും ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്തതാണ് ടി പ്രോജക്ട് എന്നു പഞ്ചായത്തിനു ബോധ്യപ്പെട്ടതിനാൽ, പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ചെലവഴിച്ച തുകയ്ക്ക് സാധൂകരണത്തിനു സൂചന (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നു പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവളവും സാധാരണ വളവും ഉൾപ്പെടെയുള്ള വളത്തിനുള്ള സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉൽപാദന പ്രക്രിയയുടെ ഭാഗമായി മാത്രമേ നൽകാൻ പാടുള്ളൂ എന്നും വളം വിതരണം ചെയ്യുന്നതിനു മാത്രമായി പ്രോജക്ട് നടപ്പാക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സബ്സിഡി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ, പഞ്ചായത്ത് നടപ്പിലാക്കിയ തെങ്ങു കൃഷി വികസനം, വാഴകൃഷി വികസനം എന്നീ പ്രോജക്ടുകളിൽ രാസവളത്തോടൊപ്പം ജൈവവളവും സമ്പുഷ്ടമായി വിനിയോഗിച്ചിട്ടുണ്ടെന്നും, കർഷകർക്കു മികച്ച വിളവും ധനലാഭവും ലഭിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ നിരീക്ഷണവും, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ചും, പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖ ലംഘനമല്ലാതെ മറ്റു അപാകതകൾ ഒന്നും ഓഡിറ്റിൽ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ കർഷകർക്കു വളം വിതരണം ചെയ്യുന്ന പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും 16,30,000/- രൂപ (പതിനാറു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഷിബു എ.റ്റി**
ഗവണ്മെന്റ് അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.